പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4873** | 18.12.2014-ൽ മറുപടിയ്ക്ക്

## നഗര റോഡു വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം.വി.ശ്രേയാംസ് കുമാർ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) നഗര റോഡു വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. ഉന്നത ഗുണനിലവാരമുള്ള റോഡുകൾ, ഇരുവശങ്ങളിലും കോൺക്രീറ്റ് ഓടകൾ, വാഹനയാത്രക്കാരുടെയും, കാൽനടയാത്രക്കാരുടെയും സുരക്ഷ മുൻനിർത്തിയുള്ള റോഡ് സുരക്ഷാക്രമീകരണങ്ങൾ, ഉന്നത നിലവാരത്തിലുള്ള തെരുവ് വിളക്കുകൾ, പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനങ്ങൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, കാൽനടയാത്രക്കാർക്ക് സുരക്ഷയും സൗകര്യപ്രദവുമായ ഓട്ട പാകിയ നടപ്പാതകൾ, സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പുൽത്തകിടിയും പൂമേട്ടുകളും, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ . |
| (ബി) ഏതെല്ലാം നഗര റോഡുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) തിരുവനന്തപുരം നഗര റോഡു വികസന പദ്ധതി മിക്കവാറും പൂർത്തിയായിക്കഴിഞ്ഞു. കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതു കൂടാതെ കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽ കൂടി നഗര റോഡു വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. |
| (സി) കൽപ്പറ്റ നഗര റോഡ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സീകരിക്കുമോ ? | (സി) ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള നഗര റോഡു വികസന പദ്ധതികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കൽപ്പറ്റ നഗര റോഡ് വികസന പദ്ധതി ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**